## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3741 — 20.07.2015 -ൽ മറുപടിയ്ക്ക്

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള സംവരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി | | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തിക യിലേക്ക് 10% സംവരണം അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പി ലാക്കുകയുണ്ടായോ: | (എ) | സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% സംവരണം നൽകുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കി യിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഡി.പി.ഐ സർക്കുലർ ഇറക്കി യിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് അനുസരിച്ച് ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അവരവരുടെ ഓപ്റ്റഡ് ജില്ലകളിലുൾപ്പെ ടുത്തുന്നതിനായി സർവീസ് കാർഡ് ക്ഷണിച്ചുകൊണ്ട് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സർക്കാർ ഉത്തരവിന് വിരുദ്ധ മായി നിബന്ധനകൾ ഉൾപ്പെ ടുത്തി ഇറക്കിയ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (ഡി) | ബാധകമല്ല |
| (ഇ) | ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലകളിലും മേൽ ഉത്തരവ് പ്രകാരം പ്രൊമോഷൻ അനുവദിക്കുകയുണ്ടായോ; വിശദാംശം നൽകുമോ; | (ഇ) | ജില്ലകളിൽ പ്രൊമോഷൻ നടപ്പിലാക്കി യിട്ടുണ്ട്. ഹെഡ് ക്വാർട്ടേഴ്സിൽ ഇതുവരെ പ്രൊമോഷൻ നൽകിയിട്ടില്ല. |
| (എഫ്) | പ്രൊമോഷൻ അനുവദിക്കാ ത്തിടത്ത് പ്രൊമോഷൻ നൽകുന്നതിന് നിർദ്ദേശം നൽകുമോ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 3741

നമ്പർ.സി1/18141/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,. തീയതി.19/05/2015

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% ഒഴിവുകളിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് - സർവ്വീസ് കാർഡ് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന : 1. സർക്കാർ ഉത്തരവ് (പി) നമ്പർ.1/2014/ഉ.ഭ.പ.വ. തീയതി.03/01/2014
2. സർക്കാർ ഉത്തരവ് (പി) നമ്പർ.21/2014/ഉ.ഭ.പ.വ. തീയതി.19/07/2014

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും കേഡർ സ്ട്രെംങ്ങ്തിന്റെ 10% തസ്തികമാറ്റം വഴി (ക്ലാർക്ക്/ടൈപ്പിസ്റ്റ്) സ്ഥാനക്കയറ്റം നൽകാൻ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റിൽ (പരീക്ഷാ ഭവൻ, ടെക്സ്റ്റ്ബുക്ക് ഓഫീസ് ഉൾപ്പെടെ) സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യത ഉള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ/താഴ്ന്ന ശമ്പള സ്കെയിലിൽ സേവമനുഷ്ഠിക്കുന്ന ജീവനക്കാർ എന്നിവരിൽ നിന്നും സർവ്വീസ് കാർഡ് ക്ഷണിക്കുന്നു. ഇതോടൊപ്പമുള്ള സർവ്വീസ് കാർഡിലെ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ പകർപ്പും സർവ്വീസ് പുസ്തകവും സഹിതം 31/05/2015-നു മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവും വ്യക്തമായി വിവരങ്ങൾ രേഖപ്പെടുത്താത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

കുറിപ്പ് : ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം കിട്ടിയതിനു ശേഷം മറ്റു ഓഫീസുകളിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും സർവ്വീസ് കാർഡ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**വി.എസ്. ഉഷാകുമാരി**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

// അംഗീകാരത്തോടെ //

**സൂപ്രണ്ട്**

പകർപ്പ് :

1. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. എസ്.സി.ഇ.ആർ.റ്റി.
4. എസ്.എസ്.എ.

സെക്ഷൻ ഓഫീസർ